# പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി II

## (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും

**(LAND REVENUE AND DEVASWOM)**

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

**(2012-2013)**

**SECOND REPORT ON THE SCRUTINY OF DEMANDS FOR GRANTS**
**(2012-2013)**

2012 ജൂൺ 11-ാം തീയതി സമർപ്പിച്ചത്

(Presented on 11th June 2012)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2012

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി II

# (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും

## (LAND REVENUE AND DEVASWOM)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(2012-2013)

SECOND REPORT ON THE SCRUTINY OF DEMANDS FOR GRANTS

(2012-2013)

427/2012.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി II

## ഭൂനികുതിയും ദേവസ്വവും

(2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. അടൂർ പ്രകാശ്, റവന്യൂവും കയറും വകുപ്പുമന്ത്രി

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. വി. എസ്. ശിവകുമാർ, ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. പി. ബി. അബ്ദുൾ റസാക്

,, ബാബു എം. പാലിശ്ശേരി

,, സി. കെ. നാണു

,, എ. പ്രദീപ്കുമാർ

,, പാലോട് രവി

,, സി. കെ. സദാശിവൻ

,, വി. പി. സജീന്ദ്രൻ

,, എൻ. ഷംസുദ്ദീൻ

,, വി. എസ്. സുനിൽ കുമാർ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. കെ. സി. ജോസഫ്കുട്ടി, ജോയിന്റ് സെക്രട്ടറി

ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. രാജു, വൈ., അണ്ടർ സെക്രട്ടറി.

# അവതാരിക

2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2012 ഏപ്രിൽ 12, 17 എന്നീ തീയതികളിൽ യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇതു സംബന്ധമായി പുറപ്പെടുവിച്ച മറ്റ് മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു:

ധനാഭ്യർത്ഥന നമ്പർ VI — ഭൂനികുതി

ധനാഭ്യർത്ഥന നമ്പർ XI — ജില്ലാഭരണവും പലവകയും

ധനാഭ്യർത്ഥന നമ്പർ XX — ശുദ്ധജലവിതരണവും ശുചീകരണവും

ധനാഭ്യർത്ഥന നമ്പർ XXVI — പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്

ധനാഭ്യർത്ഥന നമ്പർ XXVIII — പലവക സാമ്പത്തിക സർവ്വീസുകൾ

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്ന് കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശുപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2012 മേയ് മാസം 2-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

അടൂർ പ്രകാശ്,

*ചെയർമാൻ,*

*സബ്ജക്റ്റ് കമ്മിറ്റി II.*

തിരുവനന്തപുരം,
2012 മേയ് 2.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ VI—ഭൂനികുതി

വോട്ട് ചെയ്തത് : 345,65,88,000 രൂപ

ചാർജ്ജ് ചെയ്തത് : 1,41,000 രൂപ

2029-00-001-99-05 (4)—മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : 10,00,000 രൂപ

1. ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ഈ കണക്കിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക ഈ ഓഫീസിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2029-00-101-99-(04)-1—യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : 39,33,000 രൂപ

2. സംസ്ഥാനത്താകമാനമുള്ള വില്ലേജ് ഓഫീസർമാർ ഉൾപ്പെടെയുള്ള വില്ലേജ് ജീവനക്കാരുടെ യാത്രാബത്ത വിഹിതത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2029-00-101-99-05(3)—ടെലഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : 43,75,000 രൂപ

3. 14-2-2010-ലെ ജി.ഒ. (എംഎസ്.) നമ്പർ 508/10/ആർ.ഡി. പ്രകാരം എല്ലാ വില്ലേജ് ആഫീസർമാർക്കും മൊബൈൽ ഫോൺ കണക്ഷനുകൾ അനുവദിച്ചിട്ടുണ്ട്. ഈ ശീർഷകത്തിൽ 39,67,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2029-00-103-97-01(1)—ദേവികുളത്ത് ഏലക്കൃഷി ഭൂമിയുടെ പ്രത്യേക കണ്ടെഴുത്ത് ഓഫീസ്

ബഡ്ജറ്റ് വിഹിതം : 1,000 രൂപ

4. ദേവികുളത്ത് പ്രവർത്തിക്കുന്ന ഏലക്കൃഷിഭൂമിയുടെ പ്രത്യേക കണ്ടെഴുത്ത് ഓഫീസിലെ ജീവനക്കാരുടെ ശമ്പളത്തിനും അലവൻസിനുമായുള്ള ഈ ശീർഷകത്തിൽ പ്രത്യേക തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ശമ്പളത്തിനും അലവൻസുകൾക്കുമായി 37,90,000 രൂപയും റ്റി.എ., ഓഫീസ് ചെലവിനങ്ങൾക്കായി 2,20,000 രൂപയും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഭൂരഹിതരില്ലാത്ത കേരളം

5. "ഭൂരഹിതരില്ലാത്ത കേരളം" എന്ന പദ്ധതിയുടെ ആദ്യപടിയായി ഭൂരഹിതരുടെ കണക്കെടുപ്പ് ഈ വർഷം ഏപ്രിൽ മാസത്തിൽ ആരംഭിച്ചിട്ടുണ്ട്. കണക്കെടുപ്പ് പൂർത്തിയാക്കിയാൽ എല്ലാ ഭൂരഹിതർക്കും വീട് വയ്ക്കുന്നതിന് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടി ആരംഭിക്കുന്നതുമാണ്. പ്രസ്തുത പദ്ധതിയുടെ പ്രാരംഭ ചെലവുകൾക്കും നടത്തിപ്പിനുമായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ, ഈ ആവശ്യത്തിലേക്ക് 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

വില്ലേജാഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം

6. വില്ലേജാഫീസുകളിൽ ''ഓൺലൈൻ'' പോക്കുവരവ് സംവിധാനം നടപ്പിലാക്കുന്നതിനായി റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (RELIS) എന്ന ഒരു പുതിയ സോഫ്റ്റ്വെയർ വിഭാവനം ചെയ്തിരിക്കുന്നു. പാലക്കാട് ജില്ലയിൽ 16 വില്ലേജുകളിൽ പൈലറ്റ് പ്രോജക്ടായി ഈ സംവിധാനം വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ഒമ്പത് ജില്ലകളിൽ റീസർവ്വെ പൂർത്തിയാക്കിയ 557 വില്ലേജുകളിൽ ഈ സംവിധാനം 2012-2013 വർഷത്തിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ 200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

7. സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജാഫീസുകൾക്ക് അടിയന്തിരമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങൾ ഉടനടി പുനരുദ്ധരിക്കണമെന്നും സംസ്ഥാനത്തെ ഓരോ പഞ്ചായത്തിനും ഓരോ വില്ലേജാഫീസ് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും വില്ലേജാഫീസുകളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**സ്റ്റേറ്റ് ലാന്റ് ബോർഡ്**

2506-00-103-93-(02)—ഭൂരേഖകളുടെ കാലോചിതമായ സർവ്വെയും തീർപ്പാക്കലും

ബഡ്ജറ്റ് വിഹിതം : 20,00,000 രൂപ

8. 50% കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 2404.1 ലക്ഷം രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ബഡ്ജറ്റിൽ 2,000 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിരുന്നുള്ളൂ. ആയതിനാൽ ഈ ശീർഷകത്തിൽ ആവശ്യമായ 404.10 ലക്ഷം രൂപ കൂടി ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2506-00-103-94—ഭൂരേഖകളുടെ ആധുനികവൽക്കരണം (എൻ.എൽ.ആർ.എം.പി.)
ഭൂരേഖകളുടെ കമ്പ്യൂട്ടർവൽക്കരണം—50% കേന്ദ്രാവിഷ്കൃത പദ്ധതി

ബഡ്ജറ്റ് വിഹിതം : 2,19,10,000 രൂപ

9. ഭൂരേഖകളുടെ ആധുനികവൽക്കരണം ലക്ഷ്യമിട്ട് 353.30 ലക്ഷം രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ വകുപ്പ് സമർപ്പിച്ചിരുന്നുവെങ്കിലും 219.10 ലക്ഷം രൂപയേ പ്രസ്തുത ഇനത്തിൽ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ 134.20 ലക്ഷം രൂപ കൂടി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**സർവ്വെയും ഭൂരേഖയും വകുപ്പ്**

2029-00-102-95-21(1)
2029-00-102-99-21(1) } മോട്ടോർ വാഹനങ്ങൾ

ബഡ്ജറ്റ് വിഹിതം : ഇല്ല

10. ഈ വകുപ്പിൽ നിലവിലുള്ള 31 വാഹനങ്ങളിൽ 13 വാഹനങ്ങൾ 15 വർഷത്തിലേറെ പഴക്കം ഉള്ളവയാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ആവശ്യത്തിനായി ഈ ശീർഷകത്തിൽ കഴിഞ്ഞ വർഷവും തുക അനുവദിച്ചിരുന്നില്ല. ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

11. 15 വർഷത്തിലേറെ പഴക്കമുള്ള വാഹനങ്ങൾ വളരെ അടിയന്തിരമായി മാറ്റം ചെയ്യേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXVI—പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്

വോട്ട് ചെയ്തത് : 293,13,02,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

12. പ്രകൃതിക്ഷോഭംമൂലം വീട് നശിച്ചവർക്ക് 2 ലക്ഷം രൂപയും ഭാഗികമായി വീട് നശിച്ചവർക്ക് 1 ലക്ഷം രൂപയും ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

13. ഇടിമിന്നൽ, കടലാക്രമണം എന്നിവമൂലമുണ്ടാകുന്ന അപകടങ്ങളും പാമ്പുകടിയേറ്റുള്ള മരണവും പ്രകൃതിദുരന്തമായി കണക്കാക്കാത്തതിനാൽ അവയ്ക്ക് നഷ്ടപരിഹാരമൊന്നും ലഭിക്കുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഇവ പ്രകൃതിദുരന്തമായി കണക്കാക്കുന്നതിനും ആവശ്യമായ നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും

വോട്ട് ചെയ്തത് : 355,53,00,000 രൂപ

ചാർജ്ജ് ചെയ്തത് : 1,04,94,000 രൂപ

2053-00-800-98—ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്—ധനസഹായം

ബഡ്ജറ്റ് വിഹിതം : 40,80,000 രൂപ (നോൺ പ്ലാൻ)

: 70,00,000 രൂപ (പ്ലാൻ)

14. സംസ്ഥാനത്തെ റവന്യൂ/സർവ്വെ ഉദ്യോഗസ്ഥരുടെ കഴിവ് വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള റവന്യൂ ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി 20 ലക്ഷം രൂപ അധികമായി നോൺ പ്ലാൻ ഇനത്തിൽ വകയിരുത്താൻ സമിതി ശുപാർശ ചെയ്യുന്നു.

2053-00-800-90—സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി

ബഡ്ജറ്റ് വിഹിതം : 6,00,00,000 രൂപ (പ്ലാൻ)

: 42,12,000 രൂപ (നോൺ പ്ലാൻ)

15. സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിക്കുവേണ്ടി വാഹനം വാങ്ങുന്നതിന് 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16. ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി ആഭ്യന്തരം, റവന്യൂ, തദ്ദേശസ്വയം ഭരണം, വ്യവസായം, കൃഷി, ജലവിഭവം എന്നീ വകുപ്പുകൾ തമ്മിൽ ഏകോപനമുണ്ടാക്കണമെന്നും പ്രസ്തുത പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

17. സ്കൂൾ തലത്തിൽ സ്പോർട്സ് കൗൺസിലിന്റെ സഹായത്തോടെ എല്ലാ കുട്ടികൾക്കും നീന്തൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2053-00-800-91—പൊതുമുതൽ സംരക്ഷണം—കേരള ഭൂബാങ്ക് പ്രോജക്ട്

ബഡ്ജറ്റ് വിഹിതം : 1,50,00,000 രൂപ (പ്ലാൻ)

18. സർക്കാർ ഭൂമിയിലെ അനധികൃത കൈയ്യേറ്റങ്ങൾ അവസാനിപ്പിക്കുന്നതിനായി രൂപീകരിച്ചിരിക്കുന്ന കേരളാ ഭൂബാങ്ക് പ്രോജക്ടിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് 2.35 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2053-00-093-99-34—മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 24,19,000 രൂപ

19. റിപ്പബ്ലിക് ദിനം, സ്വാതന്ത്ര്യദിനം എന്നീ ആഘോഷങ്ങൾക്ക് വിദ്യാർത്ഥികളെ കൊണ്ടുവരുന്നതിനും തിരികെ കൊണ്ടുപോകുന്നതിനും അവർക്ക് ലഘുഭക്ഷണം നൽകുന്നതിനുമായി ഏകദേശം 30 ലക്ഷം രൂപ ചെലവാകുന്നുണ്ട് എന്ന് സമിതി മനസ്സിലാക്കുന്നു. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകൾക്കായി 18,00,000 രൂപ ചെലവാകുന്നുണ്ട്. ഗോൾഫ് ക്ലബ്ബിനുള്ള ശമ്പളവും ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. ജില്ലകളിൽ അപ്രതീക്ഷിതവും അടിയന്തിരവുമായി വരുന്ന പൊതു ചെലവുകൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വകുപ്പുമന്ത്രിമാർ എന്നിവരുടെ പൊതുജനസമ്പർക്ക പരിപാടി തുടങ്ങിയവയ്ക്ക് ഈ ശീർഷകത്തിൽ നിന്നാണ് ചെലവ് വഹിക്കേണ്ടത്. ആയതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ കൂടി വകയിരുത്താൻ സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

വോട്ട് ചെയ്തത് : 105,69,23,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

3475-00-201-89—1963-ലെ ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുക്കപ്പെട്ട മിച്ചഭൂമിയുടെ താൽക്കാലിക നിയന്ത്രണ ചെലവ് (നോൺ പ്ലാൻ)

ബഡ്ജറ്റ് വിഹിതം : 1,000 രൂപ

20. ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്ത മിച്ചഭൂമി വിതരണം ചെയ്യുന്ന കാലഘട്ടംവരെയും പൊതുകാര്യത്തിന് ലാന്റ് ബോർഡ് ഉത്തരവ് പ്രകാരം റിസർവ്വ് ചെയ്യപ്പെടുന്നത് സ്ഥായിയായും സംരക്ഷിക്കുന്ന ചെലവ്, കർഷക തൊഴിലാളികൾക്ക് പതിച്ചുനൽകുന്നത് വരെയുള്ള ചെലവ്, സർവ്വെ നടത്തുന്നതിനുള്ള ചെലവ് എന്നിവ ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഏറ്റെടുത്ത മിച്ചഭൂമിയുടെ പരിപാലനത്തിനായി 50 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തിലേക്ക് വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3475-00-201-93—കർഷക പുനരധിവാസ ഫണ്ടിൽ നിന്നും കൊടുക്കുന്നതിന് മറ്റ് ചെലവുകൾ (നോൺ പ്ലാൻ)

ബഡ്ജറ്റ് വിഹിതം : 18,00,000 രൂപ (നോൺ പ്ലാൻ)

21. കേരള ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതുകൊണ്ട് നഷ്ടം വഹിക്കേണ്ടി വരുന്ന ജന്മിമാർക്ക് സാന്ത്വന പ്രതിഫലം നൽകുന്നതിനും മറ്റ് സാമ്പത്തിക സഹായങ്ങൾ നൽകാനുമാണ് ഈ ശീർഷകത്തിൽ തുക വിനിയോഗിക്കുന്നത്. പ്രതിമാസം 1,500 രൂപ പാവപ്പെട്ട മുൻ ജന്മിമാർക്ക് ഈ ശീർഷകത്തിൽ നിന്നും പെൻഷനായി നൽകിവരുന്നു. ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും

വോട്ട് ചെയ്തത് : 1001,25,34,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2215-02-105-95—ഗ്രാമീണ ശുചീകരണ സർവ്വീസുകൾ (ശബരിമല ശുചീകരണ പദ്ധതിക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 79,20,000 രൂപ

22. ലക്ഷക്കണക്കിന് തീർത്ഥാടകർ എല്ലാ വർഷവും എത്തിച്ചേരുന്ന ശബരിമല യിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

23. ശബരിമല മാസ്റ്റർ പ്ലാനിലെ പ്രധാന ഇനങ്ങൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 25 കോടി രൂപ തീരെ അപര്യാപ്തമായതി നാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും

2250-00-800-99—ക്ഷേത്രങ്ങളോടുചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം

ബഡ്ജറ്റ് വിഹിതം : 1,000 രൂപ

24. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള കുളങ്ങളും കാവുകളും ആൽത്തറകളും സംരക്ഷിക്കുന്നതിനായി 3 കോടി രൂപ അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### മലബാർ ദേവസ്വം ബോർഡ്

2250-00-103-87-31—സഹായധനം—ശമ്പളം

ബഡ്ജറ്റ് വിഹിതം : 16,33,00,000 രൂപ

2250-00-103-87-36—സഹായധനം—ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 6,16,00,000 രൂപ

25. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള 5 അസിസ്റ്റന്റ് കമ്മീഷണർ ഓഫീസുകളുടെ കീഴിൽ 1300-ൽപ്പരം ക്ഷേത്രങ്ങളുണ്ട്. ഈ ക്ഷേത്രങ്ങൾ സന്ദർശിക്കു ന്നതിനും ഔദ്യോഗിക ആവശ്യങ്ങൾക്കും ഓരോ അസിസ്റ്റന്റ് കമ്മീഷണർ ഓഫീസിനും ഓരോ ജീപ്പ് വാങ്ങുന്നതിന് ആവശ്യമായ തുക വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നു.

ബോർഡ് ഓഫീസുകൾക്കുള്ള കെട്ടിട നിർമ്മാണം

26. മലബാർ ദേവസ്വം ബോർഡിന്റെ ആസ്ഥാന ഓഫീസിനും ഡിവിഷൻ ഓഫീസുകൾക്കും സ്വന്തമായി കെട്ടിടം പണിയുന്നതിനായി പത്ത് കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കേസ് നടത്തിപ്പിനുള്ള ഗ്രാന്റ്

27. മലബാർ ദേവസ്വം ബോർഡ് കക്ഷിയായുള്ള ഹൈക്കോടതി കേസുകൾ നടത്തുന്നതിനായി ഡിവിഷൻ തിരിച്ച് രണ്ട് സ്റ്റാന്റിംഗ് കോൺസൽമാരെയും പയ്യന്നൂർ, ഒറ്റപ്പാലം, പാലക്കാട് എന്നീ സബ് കോടതികളിലായി ഓരോ സ്റ്റാന്റിംഗ് കോൺസൽമാരെയും ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് സമിതി മനസ്സിലാക്കുന്നു. മറ്റ് സബ് കോടതികളിലും സ്റ്റാന്റിംഗ് കോൺസൽമാരെ നിയോഗിക്കേണ്ടതുണ്ട്. ആയതിലേക്കുള്ള ചെലവിനായി 3.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ക്ഷേത്രജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുള്ള ഗ്രാന്റ്

28. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ജീവനക്കാരുടെ ശമ്പളം, ശമ്പള കുടിശ്ശിക എന്നിവ നൽകുന്നതിന് വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ടി ഇനത്തിൽ 30 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2250-00-800-99—ക്ഷേത്രങ്ങളോടുചേർന്നുള്ള കാവുകളുടെയും ആൽത്തറകളുടെയും കുളങ്ങളുടെയും സംരക്ഷണം

29. മലബാർ ദേവസ്വം ബോർഡിലെ മിക്ക ക്ഷേത്രങ്ങളിലെയും കുളങ്ങൾ മതിയായ സംരക്ഷണം ലഭിക്കാതെ നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ് എന്ന് സമിതി മനസ്സിലാക്കുന്നു. മലബാർ പ്രദേശത്തെ മുഴുവൻ ക്ഷേത്രക്കുളങ്ങളുടെയും സംരക്ഷണം ഏറ്റെടുക്കുന്നതിന് ഒരു പദ്ധതി അത്യാവശ്യമാണ്. ഈ ഇനത്തിൽ അഞ്ച് കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കംഫർട്ട് സ്റ്റേഷൻ, വിശ്രമമന്ദിരം—നിർമ്മാണം

30. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിൽ കംഫർട്ട് സ്റ്റേഷൻ, വിശ്രമമന്ദിരം എന്നിവ സ്ഥാപിക്കുന്നതിനായി ഗ്രാന്റ് നൽകുന്നതിന് പത്ത് കോടി രൂപ വകയിരുത്തുന്നതിന് ആവശ്യപ്പെട്ടതിൽ ഒന്നുംതന്നെ വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2250-00-103-86—ആചാരസ്ഥാനീയർക്കും കോലധാരികൾക്കുമുള്ള മാസ അലവൻസ്

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ

31. ഉത്തരമലബാറിലെ ആചാരസ്ഥാനീയർ, കോലധാരികൾ എന്നിവർക്ക് മാസ അലവൻസായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ, ആയത് 3 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

അടൂർ പ്രകാശ്,

*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി II.*

തിരുവനന്തപുരം,
2012 മേയ് 2.